പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3819

17.10.2011-ൽ
മറുപടിയ്ക്കു്

## ട്രസ്റ്റിമാരുടെ നിയമന നടപടി

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിൽ നിയമാനുസരണം നടത്തിയ ട്രസ്റ്റിമാരുടെ നിയമന നടപടി നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവുമൂലം നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി മേശപ്പുറത്തു വെയ്ക്കുമോ; | (എ) | ഉത്തരവിറക്കിയിട്ടില്ല. എന്നാൽ മലബാർ ദേവസ്വത്തിൻ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ പാരമ്പര്യേതര ട്രസ്റ്റിമാരുടെ നിയമനങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് തീരുമാനമാകുന്നതുവരെ പാരമ്പര്യേതര ട്രസ്റ്റി നിയമനങ്ങൾ നിർത്തിവെക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ട്രസ്റ്റി നിയമനത്തിനെതിരെ ആരെങ്കിലും സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയെക്കുറിച്ച് ദേവസ്വം ബോർഡിനോട് സർക്കാർ കാരണം ആരാഞ്ഞിരുന്നോ; | (ബി), (സി) & (ഡി) | ഉണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ടവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് സർക്കാരിൻെറ കർത്തവ്യവും ബാദ്ധ്യതയുമാണ്. ബോർഡിൻെറ നടപടികൾക്കെതിരെ പരാതികൾ ലഭിക്കുമ്പോൾ, ഹിന്ദു റിലീജിയസ് ആൻറ് ചാരിറ്റബിൾ എൻഡോവ്മെൻറ് ആക്ടിലെ സെക്ഷൻ 99-ൻെറ അടിസ്ഥാനത്തിൽ, പരാതികളിൽ അന്തിമ തീരുമാനം എടുക്കുന്നതുവരെ നടപടി നിർത്തിവെക്കാൻ നിർദ്ദേശം നൽകാൻ വ്യവസ്ഥയുണ്ട്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബോർഡിൻെറ നിയമാനുസൃതവും ഭരണഘടനാപരവുമായ അവകാശങ്ങളെ ചോദ്യം ചെയ്യലല്ല. ഭരണ സ്തംഭനവും ഉണ്ടാക്കുന്നില്ല. മറിച്ച് ശരിയായ തീരുമാനം എടുക്കാൻ മലബാർ ദേവസ്വം ബോർഡിനെ സഹായിക്കുകയാണ് ചെയ്യുന്നത്. |
| (സി) | ആക്ഷേപമുന്നയിക്കുന്നവർ കമ്മീഷണറെയോ, കോടതിയെയോ സമീപിക്കാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | | |
| (ഡി) | ബോർഡിന്റെ നിയമാനുസരണവും ഭരണഘടനാപരവുമായ അവകാശത്തെ ചോദ്യം ചെയ്യുന്നതും, ക്ഷേത്രഭരണത്തിൽ സ്തംഭനം ഉണ്ടാക്കുകയും ചെയ്യുന്ന പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ